# റിട്ടയേർഡ് റവന്യൂ കൂട്ടായ്മ

മലപ്പുറം ജില്ല, രജി. നമ്പർ 292/2010

ഡിസംബർ 2018

## വാർത്താ പത്രിക

ലക്കം 4

അംഗങ്ങൾക്ക് ഇടയിൽ വിതരണത്തിന് മാത്രം


## ക്ഷണക്കത്ത്

ബഹുമാന്യരെ,

കൂട്ടായ്മയുടെ 9-ാം വാർഷികവും, പുതുവത്സര കുടുംബ മേളയും 01-01-2019 ചൊവ്വാഴ്ച രാവിലെ 9 മണി മുതൽ മലപ്പുറം ഹോട്ടൽ പ്രശാന്ത് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്നതാണ്. യോഗം ശ്രീ. എം.സി. മോഹൻദാസ് IAS (റിട്ട) ഉദ്ഘാടനം ചെയ്യും.

രാവിലെ 9 മണിക്ക് കൂട്ടായ്മ പ്രസിഡന്റ് പി.പി.എം. അഷ്റഫ് പുതുവത്സര കേക്ക് മുറിക്കുന്നതോടെ പരിപാടികൾക്ക് തുടക്കം കുറിക്കുന്നു. തുടർന്ന് അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും കൂടി നടത്തുന്ന വിവിധ കലാപരിപാടികളോടെ ആഘോഷങ്ങൾ തുടരുന്നു. ഉച്ചക്ക് ഒരുമണിക്ക് സമൂഹ സദ്യയോടെയും അംഗങ്ങൾക്കുള്ള സ്നേഹോപഹാര വിതരണത്തോടെയും ആഘോഷപരിപാടികൾ സമാപിക്കുന്നതാണ്.

പ്രസ്തുത പരിപാടിയിൽ താങ്കൾ കുടുംബസമേതം പങ്കെടുക്കണമെന്ന് തന്നെ ... അഭ്യർത്ഥിക്കുന്നു.

പുതുവത്സരാശംസകളോടെ,

പി.പി. എം. അഷ്റഫ്
പ്രസിഡന്റ്

മലപ്പുറം
28-11-2018

പി. സുകുമാരൻ നായർ
സെക്രട്ടറി

## വയോജന ക്ഷേമ സുരക്ഷ ബോധവൽക്കരണം

റിട്ട. റവന്യൂ കൂട്ടായ്മ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംബന്ധിച്ച് സമൂഹത്തിൽ ബോധവൽക്കരണം നടത്തുന്നതിന് ആരംഭിച്ച പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം 2018 ഡിസംബർ 1-ന് ചേലേമ്പ്ര ദേവകി അമ്മ മെമ്മോറിയൽ കോളേജിൽ വെച്ച് തിരൂർ ആർ.ഡി.ഒ. എൻ.എം. മെഹർ അലി നിർവ്വഹിച്ചു. ചേലേമ്പ്ര പഞ്ചായത്ത് പ്രസിഡന്റ് സി. രാജേഷ് ആദ്ധ്യക്ഷം വഹിച്ചു. സാമൂഹ്യക്ഷേമ വകുപ്പിലെ കെ. കൃഷ്ണമൂർത്തി, ഗ്രാമീണ ബാങ്ക് റിട്ട. മാനേജർ പി. മോഹനൻ എന്നിവർ ക്ലാസെടുത്തു. ചേലേമ്പ്രയിലെ 108 വയസ്സ് പൂർത്തിയാക്കിയ കർഷക കാരണവർ കാളാടൻ കുഞ്ഞുണ്ണിയെ യോഗം ഉപഹാരം നൽകി ആദരിച്ചു. കൂട്ടായ്മ ജില്ലാ-താലൂക്ക് ഭാരവാഹികൾ പങ്കെടുത്തു.

## ഒരമ്മ മകൾക്കയച്ച കത്ത്



പി.സി. ദേവയാനി

...പ്രിയമുള്ള മോൾക്ക്,

അമ്മ പറഞ്ഞിരുന്നില്ലെ, ഈ ...ർഷം ഞങ്ങളുടെ റിട്ടയേർഡ് റവന്യൂ ...കൂട്ടായ്മയുടെ വിനോദയാത്ര ...മൈസൂരുവിലേക്കാണെന്ന്. അങ്ങിനെ ...സംഘടനയിലെ വയസ്സായ ...കാരണവർ മുതൽ അവരുടെ 8 ...വയസ്സായ കൊച്ചുമകൾ വരെ ...അടങ്ങുന്ന സംഘം 2018 ഏപ്രിൽ ...0ന് രാത്രി കോഴിക്കോട് സഞ്ചാരി ...ട്രാവൽസിന്റെ കെ.എൽ. 38 ഇ. 1888 ...രജിസ്ട്രേഷനുള്ള എ.സി. ബസ്സിൽ യാത്ര ആരംഭിച്ചു. ആദ്യയാത്രക്കാരെ ...രാമനാട്ടുകരയിൽ നിന്നും കയറ്റി ബസ്സ് മഞ്ചേരി എത്തുമ്പോഴേക്കും വഴിയിൽ കാത്തു നിന്നിരുന്ന അംഗങ്ങളെയും കുടുംബാംഗങ്ങളെയും കയറ്റി മൊത്തം യാത്രക്കാരുടെ എണ്ണം 48. സമയം പാതിരാത്രി കഴിഞ്ഞിരുന്നതിനാലും വാഹനത്തിൽ പലരും അപരിചിതർ ആയതിനാലും പ്രത്യേക പരിപാടികൾ ഒന്നുമില്ലാതെ എല്ലാവരും ഒന്നാമത്തെ രാത്രി ബസ്സിൽ ചുരുണ്ടുകൂടി മയക്കത്തിലേക്ക് വീണു.

പിറ്റേന്ന് നേരം പരപരാ വെളുത്തപ്പോൾ മൈസൂരുവിന്റെ കുളിർകാറ്റ് ബസ്സിന്റെ ചില്ലു ജനലിനിടയിലൂടെ മുഖത്തടിച്ചപ്പോൾ എല്ലാവരും ചടപടാ ഉണർന്നു. മൈസൂരുവിന്റെ പുലർകാലം എത്ര മനോഹരം! മുൻകൂട്ടി ബുക്ക് ചെയ്തിരുന്ന ഹോട്ടലിന് മുന്നിൽ ബസ്സ് എത്തി. സൗകര്യപ്രദമായ, വൃത്തിയും വെടിപ്പും ഉള്ള മുറികൾ തന്നെ എല്ലാവർക്കും കിട്ടി. 8.30 - ഓടെ തന്നെ എല്ലാവരും തീൻമേശക്കു മുമ്പിലെത്തി. മൈസൂരുവിലെ ഹോട്ടലാണെങ്കിലും മുന്നിലെത്തിയത് തനി കേരള ഇഡ്ഡലിയും ബൂരി മസാലയും.

തുടർന്നുള്ള യാത്രക്കായി എല്ലാവരും ബസ്സിനു മുന്നിൽ ഹാജർ. പരിചിതരും അപരിചിതരും എല്ലാവരും സൗഹൃദത്തിലായി. സംഘാടകർ എല്ലാവർക്കും ചുവന്ന തൊപ്പി നൽകി. കൂട്ടം തെറ്റി പോകാതിരിക്കാനാണെന്ന് വിശദീകരണം. എവിടെ പോകുമ്പോഴും തൊപ്പി ധരിക്കണമെന്നും, ബാഗ്സ് അടക്കം എവിടെയും ആരും ഒറ്റക്ക് പോകരുതെന്ന കർശന നിർദ്ദേശവും. ഏകദേശം 40 കി.മീ. ദൂരമുള്ള 155 വർഷം പഴക്കമുള്ള മൈസൂരു കൊട്ടാരത്തിലേക്ക് കന്നിയാത്ര. യാത്ര ആരംഭിച്ചതോടെ ബസ്സിൽ വെച്ച് 'ഐസ് ബ്രേക്ക്' എന്ന് വിശേഷിപ്പിക്കാവുന്ന സ്വയം പരിചയപ്പെടുത്തൽ. കൂടാതെ കവിതയും, കഥയും, പാട്ടും, കടങ്കഥയും, ക്വിസ്സും എല്ലാം കൊണ്ടും ശബ്ദമുഖരിതം.

(ബാക്കി പേജ് 4)

3/4



# വരവ് ചെലവ് കണക്ക് റിപ്പോർട്ട് 2018–19

...ിയ കൂട്ടായ്മ അംഗങ്ങളെ,

റിട്ടയേർഡ് റവന്യൂ കൂട്ടായ്മ ...ലപ്പുറം ജില്ലാ കമ്മറ്റിയുടെ 2018 ...019 സാമ്പത്തിക വർഷത്തെ വരവ് ...ചലവ് കണക്ക് റിപ്പോർട്ട് അവതരി...ക്കാൻ അതിയായ സന്തോഷമുണ്ട്.

മലപ്പുറം ജില്ലയിൽ റവന്യൂ ...കുപ്പിൽ നിന്ന് വിരമിച്ച ...ീവനക്കാരുടെ സൗഹൃദ ...ംഘടനയായ റിട്ടയേർഡ് റവന്യൂ ...ൂട്ടായ്മ രൂപം കൊണ്ടിട്ട് 9 വർഷം ...ൂർത്തിയാകുന്നു. 2013 മുതൽ ...അംഗത്വ ഫീസ് 200 രൂപയും ...അംഗത്വം പുതുക്കുന്നതിനു 200 ...ൂപയും നിശ്ചയിച്ചിട്ടുണ്ട്. 2013 ...ുതൽ രോഗശയ്യയിൽ കഴിയുന്ന ...രെ സഹായിക്കാൻ ചികിത്സാ ...ണ്ട് രൂപീകരിച്ചിട്ടുണ്ട്. ഒരു ...വസത്തെ പെൻഷൻ ഇതിലേക്ക് ...ംഭാവന ചെയ്യണമെന്നു ...ീരുമാനിച്ച പ്രകാരം ഏതാനും ...അംഗങ്ങൾ സംഭാവന നൽകി...ിട്ടുണ്ട്. ഈ ഇനത്തിൽ 47,395/ ...ൂപ നീക്കിയിരിപ്പുണ്ട്.

റിട്ടയേർഡ് റവന്യൂ കൂട്ടായ്മ...ുടെ അംഗസംഖ്യ നിലവിൽ 531 ...ുണ്ട്. ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി ...015 വരെയുള്ള വാർഷിക ...രിസംഖ്യ കുടിശ്ശിക വസൂലാ...ക്കേണ്ടതില്ല എന്നും 2016, 2017, ...018 വർഷത്തെ വരിസംഖ്യ ഒന്നിച്ചു ...സൂലാക്കാനും തീരുമാനിക്കു...യുണ്ടായി. എന്നാൽ നിലവിലുള്ള ...അംഗങ്ങളിൽ നിന്ന് 2016 മുതൽ ...018 കൂടി 1,82,400/ രൂപ ...ാർഷിക വരിസംഖ്യ കുടിശ്ശിക ...ിരിഞ്ഞു കിട്ടാനുണ്ട്. കുടിശ്ശിക ...സൂലാക്കാൻ സ്പെഷൽ ഡ്രൈവ് ...ടത്തേണ്ടതാണ്.

കൂട്ടായ്മയുടെ അംഗസംഖ്യയും വരിസംഖ്യ കുടിശ്ശികയും താലൂക്ക് തിരിച്ചു താഴെ കാണിക്കുന്ന പ്രകാരമാണ്.

| ക്രമ നമ്പർ | താലൂക്ക് കമ്മിറ്റി | അംഗങ്ങൾ | വരിസംഖ്യ കുടിശ്ശിക |
|---|---|---|---|
| 1 | മലപ്പുറം | 53 | 14,600 |
| 2 | ഏറനാട് | 121 | 36,500 |
| 3 | നിലമ്പൂർ | 71 | 28,400 |
| 4 | പെരിന്തൽമണ്ണ | 78 | 27,000 |
| | | | |

| ക്രമ നമ്പർ | താലൂക്ക് കമ്മിറ്റി | അംഗങ്ങൾ | വരിസംഖ്യ കുടിശ്ശിക |
|---|---|---|---|
| 5 | പൊന്നാനി | 31 | 11,200 |
| 6 | തിരൂർ | 76 | 25,700 |
| 7 | തിരൂരങ്ങാടി | 53 | 19,200 |
| 8 | കൊണ്ടോട്ടി | 48 | 19,800 |
| | ആകെ | 531 | 1,82,400 |

CMDRFലേക്കുള്ള ആദ്യ ഗഡുവായി 80,000/ രൂപക്കുള്ള ചെക്ക് 21-8-2018ന് ജില്ലാ കലക്ടർക്ക് കൈമാറുകയുണ്ടായി. രണ്ടാം ഗഡുവായ 60,000/ രൂപക്കുള്ള ചെക്ക് 8-10-2018നും ജില്ലാ കലക്ടർക്ക് കൈമാറുകയുണ്ടായി. സംഭാവന വാഗ്ദാനം ചെയ്ത ഏതാനും പേരിൽ നിന്നും 5,000/ രൂപ ലഭിക്കാനുണ്ട്. താലൂക്ക് കമ്മിറ്റികൾ വാഗ്ദാനം ചെയ്ത അംഗങ്ങളിൽ നിന്നു തുക വസൂലാക്കേണ്ടതാണ്.

01-04-2018 മുതൽ 28-11-2018 വരെയുള്ള വരവ് ചെലവ് കണക്ക് നിശ്ചിത ഫോറത്തിൽ താഴെ കാണിക്കുന്നു.

**RETIRED REVENUE KOOTTAYMA MALAPPURAM DISTRICT COMMITTEE**
**INCOME AND EXPENDITURE ACCOUNT FROM 1-4-2018 TO 28-11-2018**

| INCOME | | | EXPENDITURE | | |
|---|---|---|---|---|---|
| Sl. No | Particulars | Rs. | Sl. No. | Particulars | Rs. |
| 1 | Opening Balance | 25,389.00 | 1 | Printing & Stationery Charge | 12,074.00 |
| 2 | Interest on MDC Bank A/c | 2,322.00 | 2 | CMDRF | 1,55,000.00 |
| 3 | Membership Fee, Relief Fund | 35,000.00 | 3 | Tea, Snacks & Meals Expense | 30,084.00 |
| 4 | Tour | 1,34,500.00 | 4 | Bank Deposit | 1,64,822.00 |
| 5 | Withdrawal from SB A/c | 1,65,000.00 | 5 | Tour | 1,34,000.00 |
| 6 | CMDRF Contributions | 1,55,000.00 | 6 | Miscellaneous Expenses | 18,368.00 |
| 7 | Loan | 25,946.00 | 7 | Vehicle Charge | 5,500.00 |
| 8 | Working Fund | 12,000.00 | 8 | Loan Refund | 28,437.00 |
| | Total | **5,55,157.00** | 9 | Postal Charges | 3,832.00 |
| | Total Expenditure | **5,54,167.00** | 10 | Photo Charge | 500.00 |
| | Balance (Cash in Hand) | **990.00** | 11 | Wreath | 650.00 |
| | Balance Fund available in MDC Bank, Manjeri | **44,772.00** | 12 | 50% Collection Share | 900.00 |
| | | | 13 | Total Expenditure | **5,54,167.00** |

റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

തിയ്യതി : 28-11-2018

പി.ടി. തങ്കപ്പൻ, ട്രഷറർ



മൈസൂരു കൊട്ടാരനടയിൽ



ചാമുണ്ഡി ക്ഷേത്രനടയിൽ

